**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3638** **26-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്ന് നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള എത്ര ബസ് സർവ്വീസുകളാണ് നിർത്തലാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ബസ് സർവ്വീസുകൾ നിർത്തലാക്കിയ റൂട്ടുകളും സമയക്രമങ്ങളും വിശദമാക്കാമോ; | (എ) | കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള താഴെപ്പറയുന്ന 9 ബസ് സർവ്വീസുകളാണ് നിർത്തിവച്ചിട്ടുള്ളത്. 1. 11.00 ബാംഗ്ലൂർ 2. 06.55 തിരുനെല്ലി 3. 20.40 പാലങ്കര 4. 21.00 എരുമമുണ്ട 5. 07.30 ഗൂഡല്ലൂർ 6. 07.00 ഗൂഡല്ലൂർ 7. 03.40 പത്തനംതിട്ട 8. 06.55 മുരുകൻചിറ 9. 21.00 റ്റി.കെ കോളനി |
| (ബി) | കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ച ശേഷം പ്രസ്തുത ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ ഏതെങ്കിലും ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ച ശേഷം നിലമ്പൂർ ഡിപ്പോയിൽ നിന്നും നിർത്തിവച്ചിട്ടുള്ളതുമായ മൂന്ന് ബസ് സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. 1. 13.30 മരുത 2. 06.45 തിരുവമ്പാടി 3. 05.20 ഗിരിജൻ കോളനി |
| (സി) | നിലമ്പൂർ ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഇവയിൽ അന്തർ സംസ്ഥാന റൂട്ടുകളുണ്ടോയെന്നും അറിയിക്കാമോ; പ്രസ്തുത ഡിപ്പോ വഴി തമിഴ്നാട്-കർണാടക സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ പുനരാരംഭിക്കാനാവാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | നിലമ്പൂർ ഡിപ്പോയിൽ നിന്നും നിലവിൽ 28 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇവയിൽ അന്തർസംസ്ഥാന റൂട്ടുകൾ ഉൾപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതു ഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ പുനരാരംഭിക്കുവാൻ സാധിക്കാത്തത്. |
| (ഡി) | പ്രസ്തുത ഡിപ്പോയിൽ നിന്നും വൈകിട്ട് 5.40ന് ശേഷം കോഴിക്കോട് ഭാഗത്തേക്ക് നേരിട്ടുള്ള ബസ് സർവ്വീസുകൾ ഉണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ രാത്രി 9 മണിക്ക് കോഴിക്കോട് എത്തുന്ന തരത്തിൽ ഈ ഡിപ്പോയിൽ നിന്നും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലമ്പൂർ ഡിപ്പോയിൽ നിന്നും വൈകിട്ട് 5.40ന് ശേഷം കോഴിക്കോട് ഭാഗത്തേക്ക് നേരിട്ടുള്ള ബസ് സർവ്വീസുകൾ നിലവിലില്ല. രാത്രി 9 മണിക്ക് കോഴിക്കോട് എത്തുന്ന തരത്തിൽ നിലമ്പൂർ ഡിപ്പോയിൽ നിന്നും യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നിലവിലെ പ്രത്യേക സാഹചര്യത്തിൽ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ